പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 432

19-10-2011 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ

ചോദ്യം
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി. ഗീതാ ഗോപി
ശ്രീ.വി.ശശി

(എ) നെൽ കർഷകർക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിന്റെ ഭാഗമായി നെല്ലിന്റെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപുല മായ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് കർഷക പങ്കാളിത്ത ത്തോടെയും സർക്കാർ സഹായത്തോടെയും സംരംഭങ്ങൾ ആരംഭി ക്കുന്നതിനും ഉല്പന്ന ങ്ങൾ മാർക്കറ്റ് ചെയ്യുന്ന തിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കൃഷി വകുപ്പിൽ നിലവിൽ ഇല്ല.

(എ) യും (ബി) യും 2007-08 വർഷത്തിലും 2008-09 വർഷത്തിലും നെല്ലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും യൂണിറ്റ് ഒന്നിന് 25,000/- രൂപ ധനസഹായം നൽകി നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്ക്കരി ച്ചിരുന്നു. എന്നാൽ പദ്ധതി വിഭാവന ചെയ്തിരുന്നതുപോലെ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാതിരുന്നതിനാൽ പിന്നീട് ഇത് നടപ്പിലാക്കിയില്ല.

എന്നാൽ സഹകരണ വകുപ്പ് സംസ്ഥാനത്തെ നെൽകർഷകരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്ന തിനുമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ മുഖേന നെൽകർഷകരിൽ നിന്നും നെല്ല് നേരിട്ട് വാങ്ങുകയും അവ യ്ക്ക് അനുയോജ്യമായ വില നൽകുകയും തുടർന്ന് സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിച്ച് ഗുണമേന്മയുള്ള അരി സംസ്ക്കരിച്ച് വിപണനം നടത്തുന്ന തിനുള്ള പുതിയ പദ്ധതി 2010-11 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ ധനസഹായം നൽകി വരുന്നു. ഇത് കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെൽകർഷകരിൽ നിന്നും നെല്ല് സംഭരിക്കുകയും സ്വകാര്യ മില്ലുകൾ മുഖേന അരിയാക്കി സംസ്ഥാനത്തിനുള്ള കേന്ദ്ര അലോട്ടുമെന്റിന്റെ ഭാഗമായി റേഷൻ കടകളിലൂടെ റേഷൻ കാർഡുടമകൾക്ക് നൽകുന്നു.

സെക്ഷൻ ഓഫീസർ